## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2854** **20-07-2011-ൽ മറുപടിയ്ക്ക്**

### കളിസ്ഥലങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.വി. ശ്രേയാംസ് കുമാർ:** | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിലെ കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനുംസംരക്ഷിക്കുന്നതിനുമായി എന്തൊക്കെ പുതിയ നടപടികളാണ് പരിഗണനയിലുള്ളത് ; | (എ) ഇതിനായി നാഷണൽ പ്ലേ ഫീൽഡ്സ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അതിന്റെ സംസ്ഥാന ഘടകമായ 'പ്ലേ ഫീൽഡ്സ് അസോസിയേഷൻ ഓഫ് കേരള' രൂപീകരിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിലെ കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയും. |
| (ബി) പൊതുസ്ഥലത്തെ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ; | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കളിസ്ഥലങ്ങൾ നന്നാക്കുന്നതിന് സഹായം നൽകുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | (സി) ഉണ്ട്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും (സർക്കാരിലെയോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്) കൈവശവകാശ രേഖയും സഹിതം |

സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.